# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7256 | 11.07.2014-ൽ മറുപടിയ്ക്ക് |
|---|---|

**റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പ വരുത്തുന്നതിനായി പ്രധാനപ്പെട്ട കവലകളിലും സിറ്റി റോഡുകളിലും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുമ്പോൾ സ്ഥല ലഭ്യതയനുസരിച്ച് കാൽ നടയാത്രക്കാർക്ക് ഫുട് പാത്തുകളും കൈവരികളും നിർമ്മിക്കാറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെയും കെ.എസ്.റ്റി.പിയുടെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്ന റോഡുകളിൽ ഇരു വശത്തും കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം ഓടുകൾ പാകിയ നടപ്പാത, പ്രധാന ജംഗ്ഷനുകളിൽ റോഡ് മുറിച്ചു കടക്കുന്നതിന് സിഗ്നൽ ലൈറ്റുകൾ, സീബ്രാ ക്രോസിങ്ങുകൾ, കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് ഇരുമ്പ് വേലികൾ എന്നിവ നൽകിയിട്ടുണ്ട്. |
| (ബി) റോഡുകൾ ടാറിംങ് ചെയ്യുമ്പോൾ നിശ്ചിത വീതിയിലുള്ള നടപ്പാത ഉണ്ടാകണമെന്ന ഉത്തരവുകൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത് പരിഗണിയ്ക്കുമോ; | (ബി) പുതുതായി റോഡുകൾ പണിയുന്നതിന് ഇൻഡ്യൻ റോഡ്സ് കോൺഗ്രസ് നടപ്പാതയോടു കൂടിയുള്ള റോഡിന്റെ ഘടന നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായി ഒരു പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാനത്തെ റോഡുകളുടെ സ്ഥല സൗകര്യവും മറ്റു ഭൗതിക സാഹചര്യങ്ങളും കണക്കിലെടുത്ത് അത്തരത്തിലുള്ള ഉത്തരവ് ഇറക്കുന്ന |

| | |
|---|---|
| | കാര്യം പരിഗണിയ്ക്കുന്നതാണ്. |
| (സി) നടപ്പാതയില്ലാത്തതു കാരണം കാൽനട യാത്രക്കാർക്കുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) റോഡുകൾ വീതി കൂട്ടി ടാറിംഗ് നടത്തുന്ന അവസരങ്ങളിൽ റോഡിന്റെ പരിധിക്കുള്ളിൽ വരുന്നതും അപകടകാരണമാകുന്നതുമായ ഇലക്ട്രിക് പോസ്റ്റുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് അവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) റോഡുകൾ വിതികൂട്ടുന്ന അവസരത്തിൽ അപകട കാരണമാവുന്ന ഇലക്ട്രിക് പോസ്റ്റുകളും മറ്റും ഇലക്ട്രിസിറ്റി ബോർഡുമായി ആലോചിച്ച് മാറ്റുന്നതിനുള്ള നടപടി കൈക്കൊള്ളാറുണ്ട്. |
| (ഇ) റോഡുകൾ കാൽനട യാത്രക്കാർക്കു കൂടിയാണെന്ന സന്ദേശം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ